**നിയമനിർമ്മാണ കാര്യം (തുടർച്ച)**

മി. സ്പീക്കർ: ചർച്ച തുടരേണ്ട ശ്രീ. കുറുക്കോളി മൊയ്തീനും ശ്രീ. സി. ആർ. മഹേഷ് ചുമതലപ്പെടുത്തിയപ്രകാരം ഭേദഗതിയെ പിന്താങ്ങി സംസാരിക്കേണ്ട ഡോ. മാത്യു കുഴൽനാടനും സീറ്റിലില്ല.

ശ്രീ. പി. നന്ദകുമാർ: സർ, ഞാൻ ഭേദഗതിയെ പിന്താങ്ങുന്നു. വിശദമായ ചർച്ച നടത്തിയതുകൊണ്ട് സംസാരം ദീർഘിപ്പിക്കാൻ ആഗ്രഹിക്കുന്നില്ല. ഭരണപക്ഷത്തുനിന്ന് ഡോ. കെ. ടി. ജലീൽ വിശദമായി സംസാരിച്ചതാണ്. ഈ ബില്ലിന് എല്ലാവിധ പിന്തുണയും പ്രഖ്യാപിക്കുന്നു. ഇന്ന് കേരളത്തിലെ ക്ഷീരകർഷക മേഖലയിലെ ആവേശകരമായ പ്രവർത്തനത്തിന്റെ ഭാഗമായി കടന്നുവന്ന ധാരാളം കൃഷിക്കാർക്ക് കൂടുതൽ സഹായസഹകരണങ്ങൾ ലഭ്യമാക്കുന്നതിനുവേണ്ടി ഇനിയും ശക്തമായ ഇടപെടൽ നടത്തണമെന്നാണ് അഭ്യർഥിക്കാനുള്ളത്. കേരളത്തിന്റെ ക്ഷീരകർഷകരെ സഹായിക്കുന്നതിനുവേണ്ടി ഗവൺമെന്റ് സ്വീകരിക്കുന്ന എല്ലാ നടപടികൾക്കും പിന്തുണ പ്രഖ്യാപിച്ചുകൊണ്ട് കേരളത്തിലെ ക്ഷീരകർഷകർക്ക് ആവേശം

നൽകുന്ന പുതിയ നിയമങ്ങൾക്ക് എല്ലാവിധ ഭാവുകങ്ങളും നേർന്നുകൊണ്ട് നിർത്തുന്നു.

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, 2010-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവകലാശാല ആക്ടിലെ 44-ാം വകുപ്പിന്റെ മൂന്നാം ഉപവകുപ്പ് പ്രകാരം മാനേജ്മെന്റ് കൗൺസിൽ കണക്കുകളുടെ പകർപ്പും റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടിന്മേൽ സർവകലാശാല സ്വീകരിച്ച നടപടികളുടെ സ്റ്റേറ്റ്മെന്റും സഹിതം സംസ്ഥാന സർക്കാരിന് സമർപ്പിക്കേണ്ടതും സംസ്ഥാന സർക്കാർ അത് നിയമസഭ മുമ്പാകെ വയ്ക്കേണ്ടതുമാണെന്ന് വ്യവസ്ഥ ചെയ്യുന്നു. സർവകലാശാല വാർഷിക കണക്കുകളും ഓഡിറ്റ് റിപ്പോർട്ടും സർക്കാരിന് സമർപ്പിക്കുന്നതിന് സമയപരിധി നിശ്ചയിച്ചുകൊണ്ടുള്ള വ്യവസ്ഥ പ്രസ്തുത ആക്ടിൽ ഇല്ല. സർവകലാശാലയ്ക്ക് വാർഷിക കണക്കുകളും ഓഡിറ്റ് റിപ്പോർട്ടും സമർപ്പിക്കുന്നതിനുള്ള ഒരു സമയ പരിധി, അതായത് അടുത്ത വർഷം മാർച്ച് ഒന്നാം തീയതിയോ അതിന് മുമ്പോ എന്ന് നിശ്ചയിച്ചുകൊണ്ടുള്ള വ്യവസ്ഥ ആക്ടിൽ ഉൾപ്പെടുത്തുന്നതിനാണ് ഈ ഭേദഗതി ബിൽ സഭയിൽ

അവതരിപ്പിക്കുന്നത്. ഈ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് സഭയോട് ഞാൻ അഭ്യർഥിക്കുകയാണ്.

ശ്രീ. അൻവർ സാദത്ത് വെറ്ററിനറി യൂണിവേഴ്സിറ്റിയുമായി ബന്ധപ്പെട്ട് ഒട്ടേറെ വിഷയങ്ങൾ ഉന്നയിച്ചിരുന്നു. കേരള വെറ്ററിനറി യൂണിവേഴ്സിറ്റിയുമായി ബന്ധപ്പെട്ട് വികസന പ്രവർത്തനങ്ങളൊന്നും നടക്കുന്നില്ലെന്നാണ് അദ്ദേഹം പറഞ്ഞത്. എന്നാൽ ഇന്ന് മണ്ണുത്തി വെറ്ററിനറി സർവ്വകലാശാലയിൽ ആർ.ഐ.ഡി.എഫ്. (Rural Infrastructure Development Fund) പദ്ധതിയിലുൾപ്പെടുത്തി 31 കോടി രൂപ അടങ്കലിൽ BSL-3 (Biosafety Level-3) നിലവാരത്തിലുള്ള ലാബ് സമുച്ചയത്തിന്റെ പ്രവൃത്തി 70 ശതമാനത്തോളം പൂർത്തീകരിച്ചിട്ടുണ്ട്; ബാക്കി ജോലികൾ ഉടൻ പൂർത്തീകരിക്കും. വയനാട് പാക്കേജിലുൾപ്പെടുത്തി പൂക്കോട് കാമ്പസിൽ 5 കോടി രൂപ പദ്ധതി അടങ്കലിലുള്ള ഡയറി ഇൻക്യുബേഷൻ സെന്ററും 5 കോടി രൂപ ചെലവിൽ നിർമ്മിക്കുന്ന ആധുനിക മൃഗാശുപത്രിക്കും അനുമതി ലഭിച്ചിട്ടുണ്ട്. മണ്ണുത്തി കാമ്പസിൽ കിഫ്ബിയുടെ സഹായത്തോടെ 17 കോടി രൂപ ചെലവിൽ Translational Research Centre പദ്ധതിയും അനുവദിച്ചിട്ടുണ്ട്.

അതോടൊപ്പം, മണ്ണുത്തിയിൽ പുതിയ ലേഡീസ് ഹോസ്റ്റൽ കെട്ടിട നിർമ്മാണം അവസാനഘട്ടത്തിലാണ്. പൂക്കോട് വെറ്ററിനറി കോളേജ് ക്യാമ്പസിൽ ഹോസ്റ്റൽ സമുച്ചയത്തിന് ആർ.ഐ.ഡി.എഫ്.-ൽ പദ്ധതി സമർപ്പിച്ചിട്ടുണ്ട്. പ്രാഥമിക പരിശോധന നബാർഡ് പൂർത്തീകരിക്കുകയും ചെയ്തു, ഉടൻ നിർമ്മാണം ആരംഭിക്കും.

ഡയറി സയൻസ് കോളേജ് തിരുവനന്തപുരത്ത് നിലവിൽ പ്രവർത്തിക്കുന്നത് ബി.എസ്.എൻ.എൽ. ട്രെയിനിംഗ് സെന്ററായി ഉപയോഗിച്ചുവരുന്ന എല്ലാവിധ സൗകര്യങ്ങളോടും കൂടിയ കെട്ടിടത്തിലാണ്. തിരുവനന്തപുരം നെട്ടുകാൽത്തേരി തുറന്ന ജയിലിനോട് ചേർന്ന് 16 ഏക്കർ സ്ഥലം വെറ്ററിനറി യൂണിവേഴ്സിറ്റിക്കും ക്ഷീരവികസന വകുപ്പിനും അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. ഇതുപ്രകാരം പ്രസ്തുത സ്ഥലം അനുവദിച്ച് നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. അവിടെ സർവകലാശാലയുടെ ഡയറി സയൻസ് കോളേജിന് വേണ്ടിയിട്ടുള്ള 69 തസ്തികകൾ പുതുതായി അനുവദിച്ചിട്ടുണ്ട്.

സർവകലാശാലയുടെ സാമ്പത്തിക സ്രോതസ്സ് എന്നുപറയുന്നത് സർക്കാരിന്റെ പദ്ധതി-പദ്ധതിയേതര ഫണ്ടുകളും വെറ്ററിനറി സർവകലാശാലയുടെ തനത് ഫണ്ടുമാണ്. സാമ്പത്തിക അപര്യാപ്തതമൂലം സർവകലാശാലയുടെ ദൈനംദിന പ്രവർത്തനങ്ങൾക്ക് തടസ്സം വരുന്ന യാതൊരു പ്രശ്നവും നിലവിൽ ശ്രദ്ധയിൽപ്പെടുത്തിയിട്ടില്ല.

ഇന്ന്, മെച്ചപ്പെട്ട കന്നുകാലി പ്രജനന നയം സ്വീകരിച്ചുവരുന്ന ഒരു സംസ്ഥാനമാണ് കേരളം. സങ്കരയിനം കന്നുകാലികളെ വളർത്തി ഉൽപാദനക്ഷമതയും ഉൽപ്പാദന വർദ്ധനവും ഉണ്ടാക്കുകയെന്ന നയം വിജയകരമായി നടപ്പിലാക്കുന്ന ഒരു സംസ്ഥാനമാണ് കേരളം. 1992 മുതൽ കേരളത്തിൽ കന്നുകാലി പ്രജനന നയം നിലവിലുണ്ട്. പശുക്കളിൽ നടപ്പിലാക്കി വരുന്ന സങ്കര പ്രജനന നയത്തിന്റെ ഗുണഫലമായി ഉൽപ്പാദനക്ഷമതയിൽ കേരളം രാജ്യത്ത് രണ്ടാം സ്ഥാനത്താണ്. എന്നാൽ ഈ നയം പൂർണ്ണമായ തോതിൽ നടപ്പിൽ വരുത്തുന്നതിന് നിയമത്തിന്റെ പിൻബലംകൂടി ആവശ്യമാണ്. നമ്മുടെ സംസ്ഥാനത്ത് പരിമിതമായ തോതിലാണെങ്കിലും പുറമെ നിന്നുള്ള ഏജൻസികളുടെ ഗുണനിലവാരം

പാലിക്കാത്ത ബീജമാത്രകളുടെ അനധികൃത ഉപയോഗം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ സാഹചര്യത്തിൽ പ്രസ്തുത അനധികൃത ഉപയോഗം തടയുന്നതിനും ഗുണനിലവാരം കൂടിയ ബീജമാത്രകളുടെ ലഭ്യത സംസ്ഥാനത്തെ കർഷകർക്ക് ഉറപ്പുവരുത്തുന്നതിനുമാണ് കന്നുകാലി പ്രജനന ബിൽ ഈ സഭയിൽ അവതരിപ്പിക്കുന്നത്. മെച്ചപ്പെട്ട പ്രജനന നയം നടപ്പിലാക്കുന്നതിന് ആവശ്യമായ നിയമനിർമ്മാണം നടത്തണമെന്ന് കേന്ദ്ര സർക്കാരിന്റെ 2013-ലെ നിർദേശം നിലവിലുണ്ട്. നിലവിൽ ഏഴ് സംസ്ഥാനങ്ങളിൽ ഇത്തരം നിയമനിർമ്മാണങ്ങൾ നടത്തിക്കഴിഞ്ഞു. 2016-ൽ പഞ്ചാബ്, 2018-ൽ ജമ്മുകാശ്മീർ, 2019-ൽ ഹരിയാന, തമിഴ്നാട്, ഹിമാചൽ പ്രദേശ്, 2021-ൽ ആന്ധ്രാപ്രദേശ്, 2023-ൽ മഹാരാഷ്ട്ര എന്നീ സംസ്ഥാനങ്ങളിൽ നിയമം പ്രാബല്യത്തിൽ വന്നു. 1961-ലെ Kerala Live-Stock Improvement Act-ലെ വ്യവസ്ഥകൾ നിലവിൽ repeal ചെയ്തുകൊണ്ടാണ് ഈ ബിൽ സഭ മുമ്പാകെ അവതരിപ്പിക്കുന്നത്. ഈ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ചെയർപേഴ്സൺ: ശ്രീ. അൻവർ സാദത്ത്, 2023-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവകലാശാല (ഭേദഗതി) ബില്ലിന്മേൽ അങ്ങ് അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

(ബഹുമാനപ്പെട്ട അംഗം സീറ്റിലില്ല)

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

2023-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവകലാശാല (ഭേദഗതി) ബിൽ കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി I-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ ........

പ്രതികൂലിക്കുന്നവർ ........

ഉപക്ഷേപം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കുന്നു.

ഡോ. കെ. ടി. ജലീൽ, 2023-ലെ കേരള കന്നുകാലി പ്രജനന ബില്ലിന്മേൽ അങ്ങ് അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

(ബഹുമാനപ്പെട്ട അംഗം സീറ്റിലില്ല)

ശ്രീ. കുറുക്കോളി മൊയ്തീൻ, 2023-ലെ കേരള കന്നുകാലി പ്രജനന ബില്ലിന്മേൽ അങ്ങ് അവതരിപ്പിച്ച 2(ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

(ബഹുമാനപ്പെട്ട അംഗം സീറ്റിലില്ല.)

ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

2023-ലെ കേരള കന്നുകാലി പ്രജനന ബിൽ കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ ........

പ്രതികൂലിക്കുന്നവർ ........

ഉപക്ഷേപം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കുന്നു.

ഓർഡർ.....ഓർഡർ.... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2024 ഒക്ടോബർ മാസം 9-ാം തീയതി ബുധനാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ വൈകുന്നേരം 3.52-ന് പിരിഞ്ഞു.)

*************